പതിമൂന്നാം കേരള നിയമസഭ
പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1860

17.03.2015-ൽ മറുപടിക്ക്

## തോട്ടപ്പള്ളി ഫിഷിംഗ് ഹാർബർ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.ജി.സുധാകരൻ | | ശ്രീ. കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) | തോട്ടപ്പള്ളി ഫിഷിംഗ് ഹാർബറിന്റെ ശോച്യാവസ്ഥ പരിഹരിക്കാൻ എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | തോട്ടപ്പള്ളി ഫിഷിംഗ് ഹാർബറിലെ ശോചനീയാവസ്ഥ പരിഹരിക്കുന്നതിനായി എൻ.എഫ്. ഡി.ബി. സ്കീമിൽപ്പെടുത്തി 138 ലക്ഷം രൂപയുടെ പ്രവൃത്തികൾക്കായി ദർഘാസിന് അംഗീകാരം നൽകുന്നതിനുള്ള പ്രൊപ്പോസൽ പരിശോധിച്ച് വരുന്നു. ദർഘാസ് അംഗീകാരം ലഭ്യമായാൽ ഉടൻ തന്നെ പ്രവൃത്തി ആരംഭിക്കുന്നതാണ്. കൂടാതെ തോട്ടപ്പള്ളി ഫിഷിംഗ് ഹാർബറിന്റെ രണ്ടാം ഘട്ട വികസനത്തിനായി പുലിമുട്ടുകൾ ഉൾപ്പടെയുള്ള നിർമ്മാണ പ്രവർത്തനങ്ങളുടെ പ്രാഥമിക പഠനം നടത്തുന്നതിനായി സി.ഡബ്ളിയു.പി. ആർ.എസ്.നെ ഏൽപ്പിച്ചിട്ടുള്ളതാണ്. ഇതിൽ Mathematical model study for wave tranquility and shore line changes - ന്റെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. |
| (ബി) | ഹാർബറിന്റെ മുഖം മണൽ അടിഞ്ഞതുമൂലം അടഞ്ഞത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കാൻ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ ? | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. തോട്ടപ്പള്ളി ഹാർബറിന്റെ മുഖം മണൽ അടിഞ്ഞിട്ടുള്ളത് നീക്കം ചെയ്യുന്നതിനായി ട്രാവൻകൂർ സിമന്റ്സ് ലിമിറ്റഡുമായിട്ടുള്ള കരാർ പ്രകാരം പ്രവൃത്തി നടന്നു വരികയാണ്. നാളിതുവരെയും 20% പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ